# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3357

14-07-2015-ൽ മറുപടിക്ക്

## ഫാക്ട് നേരിടുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എളമരം കരീം<br>ശ്രീ. ജി.സുധാകരൻ<br>ശ്രീ. കെ.രാധാകൃഷ്ണൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |

(എ) പൊതുമേഖലാ സ്ഥാപനമായ ഫാക്ട് നേരിടുന്ന പ്രതിസന്ധിക്ക് കേന്ദ്ര സർക്കാരിനെക്കൊണ്ട് പരിഹാരം കണ്ടെത്തുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഫാക്ടിന്റെ പുനരുദ്ധാരണത്തിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പാക്കേജ് പ്രാവർത്തികമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(എ) & (ബി) സാമ്പത്തിക പ്രതിസന്ധിയിലായ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.റ്റി. ലിമിറ്റഡിനെ സമ്പൂർണ്ണ തകർച്ചയിൽ നിന്നും രക്ഷിക്കുവാൻ പൊതുമേഖലാ പുനരുദ്ധാരണ ബോർഡ് (BRPSE) ശുപാർശ ചെയ്ത 991 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് മുൻ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. ഈ പാക്കേജിൽ 550 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകുക, 442 കോടി രൂപയുടെ ലോൺ, പലിശ തുടങ്ങിയവ ഉൾപ്പെടുന്ന കമ്പനിയുടെ ബാദ്ധ്യതകൾ എഴുതി തള്ളുക, നികുതി ഇളവ് അനുവദിക്കുക എന്നിവ ഉൾപ്പെടുന്നു. പൊതുമേഖലാ പുനരുദ്ധാരണ ബോർഡ് ശുപാർശ ചെയ്ത 991 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് അംഗീകരിച്ച് ഫണ്ട് അനുവദിക്കണമെന്നും പ്രകൃതി വാതകത്തിന്റെ അധിക വിലയ്ക്ക് കോമ്പൻസേഷൻ അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം, കേരള നിയമസഭ 20/06/2014 ന് ഏകകണ്ഠമായി പാസ്സാക്കിയിരുന്നു. ഈ പ്രമേയത്തിന്റെ ഇംഗ്ലീഷ് പരിഭാഷ കേന്ദ്രസർക്കാരിന്റെ രാസവളം മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും, പ്രമേയത്തിൻമേൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടി സംസ്ഥാന സർക്കാരിനെ അറിയിക്കുവാൻ കേന്ദ്ര രാസവളം മന്ത്രാലയത്തിലെ ഡയറക്ടറോടും, കേരള റസിഡന്റ് കമ്മീഷണറോടും അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ, ആർ.എൽ.എൻ.ജി.യ്ക്ക് മേലുള്ള 14% മൂല്യവർദ്ധിത നികുതി ഒഴിവാക്കി ത്തരണമെന്നുള്ള ഫാക്ടിന്റെ അഭ്യർത്ഥന യുടെ അടിസ്ഥാനത്തിൽ, കമ്പനിക്കായി കേന്ദ്രസർക്കാർ വിഭാവനം ചെയ്തിട്ടുള്ള പുനരുദ്ധാരണ പദ്ധതിയ്ക്ക് വിധേയമായി, അവർ വാങ്ങുന്ന എൽ.എൻ.ജി.യെ KVAT - ൽ നിന്നും ഒഴിവാക്കാൻ സംസ്ഥാന മന്ത്രിസഭ തത്വത്തിൽ തീരുമാനി ച്ചിട്ടുണ്ട്. ഇതിനെതുടർന്ന് സംസ്ഥാനത്ത് എൽ.എൻ.ജി.യുടെ എല്ലാ ഉപഭോക്താ ക്കൾക്കും അവർ വാങ്ങുന്ന എൽ.എൻ.ജി. യെ 01/04/2015 മുതൽ ഒരു വർഷത്തേക്ക് KVAT - ൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**(സി)** ലാഭകരമായിപ്രവർത്തിച്ചിരുന്ന ഫാക്ടിന് ഇത്തരത്തിൽ പ്രതിസന്ധിയുണ്ടാകുന്ന തിന്റെ കാരണം വിലയിരുത്തിയി ട്ടുണ്ടോ ; വിശദാംശം വ്യക്ത മാക്കാമോ ?

**(സി)** നാഫ്തയുടെ / പുനർവാതകമാക്കിയ ദ്രവീ കൃത പ്രകൃതി വാതകത്തിന്റെ (ആർ.എൽ. എൻ.ജി) വളരെ ഉയർന്ന വില, പ്രവർത്തന മൂലധനത്തിന്റെ കുറവ്, വർദ്ധിച്ച പലിശ ഭാരം, കാപ്രോലാക്ടം പ്ലാന്റ് അടച്ചിട്ടത് തുടങ്ങിയ വിവിധ കാരണങ്ങളാലാണ് ലാഭകരമായി പ്രവർത്തിച്ച് വന്നിരുന്ന ഫാക്ടിനു നഷ്ടം നേരിടേണ്ടി വന്നത്.

സെക്ഷൻ ഓഫീസർ